TB213420V

Reg. No :..............................

Name :................................

B. Sc. DEGREE (C.B.C.S) EXAMINATION, NOVEMBER 2022

(2021 Admissions Regular,2020 Admissions Supplementary/Improvement)

SEMESTER III - COMMON COURSE 2 (MALAYALAM)

(For Psychology)

MA3A05B18 - DRISYAKALASAHITHYAM

Time : 3hrs Hours

Maximum Marks : 80

## Part A

**I. Answer any Ten questions. Each question carries 2 marks (10x2=20)**

1. 'നന്നായ് പഠിച്ചവന്നും -തന്നിൽ വരുന്നില്ല നല്ല വിശ്വാസം' -ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിവരിക്കുക.
2. " ഇതുകൊണ്ടാണു നീ പ്രിയംവദയായത് " - ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിവരിക്കുക.
3. "കൈക്കൽ വരുന്നതാകിൽ നന്നെത്രെയും ചിത്രതരാംഗനിവൻ"- ആരുടെ വാക്കുകൾ? വിശദമാക്കുക
4. "ചതിയല്ല നീയല്ലാതൊരു ഗതിയില്ലെന്നെനിക്കാരും" - ആര് ആരോട് പറയുന്നു? വിവരിക്കുക.
5. "മറ്റൊരു മാർഗമായി പൊയ്ക്കൊള്ളണേ ഭവാൻ"- ഹനുമാൻ ആരോടാണ് ഇത് പറയുന്നത്? വ്യക്തമാക്കുക
6. "വക്ഷസ് തല്ലിപ്പിളർന്ന വൃകോദരൻ"- ആര് , ആരുടെ വക്ഷസ്സ് ആണ് തകർത്തത് ? വിശദമാക്കുക
7. 'സകല കണക്കിനും ഭൂമിശാസ്ത്രത്തിനും അതുതന്നെയാണ് ശരി'-ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിവരിക്കുക.
8. 'ഒരുവിധത്തിൽ പറഞ്ഞാൽ ഞാൻ കൃത്യം കേട്ട സാക്ഷിയാണ് '-ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിശദമാക്കുക.
9. 'ഞങ്ങളുടെ കയ്യിൽ പണമില്ല സാറേ.ഞങ്ങൾ തുച്ഛശമ്പളക്കാരാണ്'-പോലീസുകാരൻ ഇങ്ങനെ പറയാനിടയായ സംഗതിയെന്ത്?
10. "അമ്പലംകൊണ്ട് എനിക്കെന്തു ലാഭാ ഉള്ളത് " നിർമ്മാല്യത്തിലെ വലിയതമ്പുരാൻറെ വാക്കുകളെ വിലയിരുത്തുക.
11. 'എനിക്കോർമ്മ വച്ചപ്പോൾ പഴേ കഥകളേ ബാക്കിള്ളൂ ' - ആരുടെ വാക്കുകൾ? സന്ദർഭം എഴുതുക.
12. "വെളിച്ചപ്പാടാവാതെ രക്ഷപ്പെട്ടുലോ"- ആരുടെ വാക്കുകൾ ? വിവരിക്കുക .

## Part B

**II. Answer any Six questions. Each question carries 5 marks (6x5=30)**

13. ശകുന്തളയെക്കുറിച്ച് സഖിമാർ ദുഷ്യന്തനു നൽകുന്ന വിവരങ്ങളും തുടർന്നുള്ള ദുഷ്യന്തൻറെ ചിന്തകളും ചുരുക്കിയെഴുതുക.
14. വിദൂഷകൻ , അനസൂയ,പ്രിയംവദ എന്നീ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
15. 'രത്നകനകങ്ങളുടെ ഘടനയേ ഘടന നിങ്ങളുടെ '- ആരെയാണ് സൂചിപ്പിക്കുന്നത്? വിശദമാക്കുക.
16. "പൊണ്ണത്തടിയനാം നിൻറെ പരാക്രമം കാശിക്കുപോയോ കഥിക്ക വൃകോദരഃ"- പൊണ്ണത്തടിയൻ ആര് ? സൂചിതസന്ദർഭമെന്ത് ?
17. കോടതിയിൽ സംഭവിക്കുന്ന കാര്യങ്ങൾ '1128 -ൽ ക്രൈം 27' എന്ന നാടകത്തിൻറെ ഗതിയെ സ്വാധീനിക്കുന്നതെങ്ങനെ?വിവരിക്കുക.
18. മാധ്യമധർമ്മത്തെ '1128 -ൽ ക്രൈം 27' എന്ന നാടകം വിമർശനാത്മകമായി അവതരിപ്പിക്കുന്നു.ശരിയോ?

19. നിർമ്മാല്യത്തിലെ 'രാവുണ്ണിനായർ ' സാമൂഹിക മാറ്റങ്ങളുടെ ഇരയാണോ ? നിങ്ങളുടെ അഭിപ്രായമെന്ത്?

20. നിർമ്മാല്യം സിനിമയിൽ ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ച രേഖപ്പെടുത്തുന്ന സന്ദർഭങ്ങൾ ഏതെല്ലാം ? വിവരിക്കുക .

21. "വല്ല സായ്പ്പൻമ്മാരും വരുമ്പോൾ കാണിക്കാം. അത്രേള്ളൂ "- സൂചിപ്പിക്കുന്നത് എന്ത് ? തിരുമേനിയുടെ വാക്കുകളെ വിലയിരുത്തുക.

**Part C**

**III. Answer any Two questions. Each question carries 15 marks** **(2x15=30)**

22. മലയാളശാകുന്തളം നാലാം അങ്കത്തിൻറെ പ്രസക്തിയെന്ത്?

23. ഭീമന് ആത്മ ശുദ്ധീകരണത്തിനുള്ള മാർഗമാണ് ഭീമ - ഹനുമാൻ സംവാദം - അപഗ്രഥിക്കുക

24. വ്യക്തിയും സമൂഹവും അഭിമുഖീകരിക്കുന്ന വിവിധപ്രശ്നങ്ങൾ '1128 -ൽ ക്രൈം 27' എന്ന നാടകം ചർച്ച ചെയ്യുന്നു.ക്രോഡീകരിക്കുക.

25. “ജീവിതത്തിനും ഭക്തിക്കും ഇടയിലെ നിസ്സഹായതയാണ് വെളിച്ചപ്പാടിൻറെ ജന്മം” - പ്രസ്താവന വിമർശനാത്മകമായി വിലയിരുത്തുക